# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3488** **11.12.2018 ൽ മറുപടിയ്ക്ക്**

## കർഷക പെൻഷൻ

**ചോദ്യം**

**ശ്രീ.ഡി.കെ. മുരളി**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഒൻപത് ഗ്രാമപഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

എ) വാമനപുരം നിയോജക മണ്ഡലത്തിൽ 847 പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണം |
|---|---|---|
| 1 | ആനാട് | 56 |
| 2 | കല്ലറ | 40 |
| 3 | നന്ദിയോട് | 67 |
| 4 | നെല്ലനാട് | 166 |
| 5 | പനവൂർ | 136 |
| 6 | പാങ്ങോട് | 63 |
| 7 | പെരിങ്ങമല | 81 |
| 8 | പുല്ലമ്പാറ | 119 |
| 9 | വാമനപുരം | 119 |

ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും അപേക്ഷ സമർപ്പിക്കേണ്ടതിന്റെ വിശദാംശങ്ങളും നൽകാമോ;

ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.
2. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.
3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.
4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ

ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

5. കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്ത് ജീവിച്ചു വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.
6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.
8. ഒരു കുടുംബത്തിൽ ഭാര്യക്കോ / ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.
9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.
10. നിലവിൽ കർഷക പെൻഷനും സാമൂഹ്യ സുരക്ഷ പെൻഷനും ഒരുമിച്ച് വാങ്ങുന്നവർക്ക് 1,100/- രൂപ നിരക്കിൽ കർഷക പെൻഷനും 600/- രൂപ നിരക്കിൽ ഒരു സാമൂഹ്യ സുരക്ഷ പെൻഷനും അർഹതയുണ്ടായിരിക്കും. എന്നാൽ 21.01.2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷന് അർഹതയുണ്ടായിരിക്കില്ല.
11. പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി

ആവശ്യമാണ്.

12. 85 വയസ്സിന് മുകളിലുള്ള കർഷകൻ. മാനസികമോ ശാരീരികമോ ആയ 80% ന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമില്ല.

മേൽ നിബന്ധനകൾക്ക് വിധേയമായി അർഹരായ കർഷകർ ആധാർ കാർഡ്,ബാങ്ക് പാസ് ബുക്ക്, സ്ഥലത്തിന്റെ നികുതി അടച്ച രസീത് എന്നിവയുടെ പകർപ്പുകളും വരുമാന സർട്ടിഫിക്കറ്റും സഹിതം ബന്ധപ്പെട്ട കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| സി) | ഏതുമാസം വരെയുള്ള പെൻഷൻ തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ? | സി) | നിലവിൽ ആനാട് പഞ്ചായത്തിൽ 2018 ജൂലൈ വരെയും മറ്റ് എട്ട് പഞ്ചായത്തുകളിൽ 2018 ആഗസ്റ്റ് മാസം വരെയും പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും 2018 നവംബർ മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്യുന്നതിനായി ഫണ്ട് നൽകിയിട്ടുണ്ട്. ഈ ആഴ്ച തന്നെ പെൻഷൻ വിതരണം ചെയ്യുന്നതാണ്. |

Mayal

**സെക്ഷൻ ഓഫീസർ**